

# സംഗീതകല ഒരു തപസ്യ

(10)





**എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ**
*റിട്ടയേർഡ് പ്രിൻസിപ്പാൾ ചെമ്പൈ മെമ്മോറിയൽ ഗവ: മ്യൂസിക് കോളേജ് പാലക്കാട്.*

സംഗീതം ഒരു ദൈവീകകലയാണ്. സംഗീതകലയെ പഠിക്കണമെങ്കിൽ പാണ്ഡിത്യവും ഈശ്വരഭക്തിയും ആവശ്യമാണ്. ശുദ്ധമായ സംഗീതത്തിന്റെ ആന്തരികവശങ്ങളെ കാപട്യമില്ലാതെ പകർന്നു നൽകുവാൻ വിശാലമനസ്കതയുള്ള ഗുരുവിനെ കണ്ടെത്തുക എന്നതാണ് പ്രഥമ ദൗത്യം. ഗുരുശിഷ്യ സംഗീതധാര ജാതി-മത-ഭേദ ചിന്തകൾക്ക് അതീതമാകണം. ധർമ്മാർത്ഥ കാമ മോക്ഷങ്ങൾ ലഭിക്കുന്ന സംഗീതകല ഭാഷകൾക്കതീതമാണ്. സംഗീത കല -ഒരു തപസ്യ എന്നതൊരു പരമാർത്ഥമാണ്. പണ്ട് കാലങ്ങളിൽ ഉത്തമഗുരുവിനെ തിരഞ്ഞെടുത്ത് ഭക്തിയോടും വിനയത്തോടും ഗുരുശുശ്രൂഷകൾ ചെയ്ത് ഗുരുകുല സമ്പ്രദായത്തിലായിരുന്നു സംഗീത പഠനം.

'എപ്പൊരുൾ യാർയാർ വായ്കേട്പിനും അപ്പൊരുൾ മെയ്പൊരുൾ കാൺപതറിവ്' എന്ന് തിരുക്കുറളിൽ തിരുവള്ളുവർ ഉപദേശം നൽകിയതിനെ ജീവിതത്തിൽ അപ്പാടെ പകർത്തി പാണ്ഡിത്യം നിറഞ്ഞ സംഗീത വിദ്വാനെ തിരഞ്ഞു പിടിച്ച് ആത്മാർത്ഥ സ്നേഹത്തോടുകൂടി വിനയാന്വിതനായി സംഗീതകലയുടെ അന്തർലീന വശത്തെ മടിയില്ലാതെ ദൃഢനിശ്ചയത്തോടെ പഠിക്കാൻ ചെല്ലേണ്ടതാണ്. സത്യമായ സംഗീതകലയെ അഭ്യസിക്കാൻ അഹങ്കാരം, ദുർവാശി എന്നീ തടസ്സങ്ങൾ വരാതെ സൂക്ഷിക്കേണ്ടതാണ്. ധനസമ്പാദനത്തിനായി സംഗീതശാസ്ത്രത്തെ അവഗണിച്ച് ഇഷ്ടാർത്ഥം പഠിക്കുന്നതോ പഠിപ്പിക്കുന്നതോ അധർമ്മത്തെ വ്യാപിപ്പിക്കുന്നതിനും തുല്യ

ാണ്. ശുദ്ധമായ സംഗീതം പഠിക്കുന്നതും പഠിപ്പിക്കുന്നതും നാട്ടിൽ ധർമ്മം നിലനിർത്തും. ശാന്തിയും സമാധാനവും കിട്ടുന്ന കുറ്റമറ്റ സംഗീതത്തെ പാണ്ഡിത്യം നിറഞ്ഞ ഗുരുവിനെ തിരഞ്ഞെടുത്ത് വിനയാന്വിതനായി പഠിക്കേണ്ടതാണ്. ഇതിന് ഉദാഹരണമായി ഒരു പുരാണകഥ നമുക്ക് വഴികാട്ടിയായുണ്ട്.

ധർമ്മജൻ — അമിത ധ്വജർ, കൃത ധ്വജർ
അമിത ധ്വജർ — കാണ്ഡിയ്ക്കർ (കർമ്മ മാർഗ്ഗം)
കൃത ധ്വജർ — കേശി ധ്വജർ (വേദാന്ത വിദ്യ)

വേദം — കർമ്മ കാണ്ഡം, ഞ്ജാന കാണ്ഡം

ജനകമഹാരാജാവിന്റെ ശരിയായ നാമം സീരധ്വജർ എന്നാകുന്നു. സീതാദേവിയുടെ അച്ഛനാണ് ജനകമഹാരാജാവ്. വിദേഹരാജ്യം ഭരിച്ച സൂര്യവംശ രാജാക്കന്മാരെല്ലാം ജനകർ എന്ന നാമത്തിലാണ് അറിയപ്പെടുന്നത്. ആ വംശത്തിൽ (മിഥില) കേശിധ്വജ ജനകർ, കാണ്ഡിക്കർ ജനകർ എന്നിവർ ചേട്ടാനിയൻമാരുടെ മക്കളാണ്.

കേശിധ്വജർ :- ബ്രഹ്മ വിദ്യാശാസ്ത്രങ്ങളിൽ അഗാധ പാണ്ഡിത്യം നിറഞ്ഞവർ

കാണ്ഡിയ്ക്കർ :- വൈദീക കർമ്മാനുഷ്ഠാന ശാസ്ത്രങ്ങളിൽഅഗാധപാണ്ഡിത്യം നിറഞ്ഞവൻ

കർമ്മമാർഗത്തിൽ പാണ്ഡിത്യം നിറഞ്ഞ കാണ്ഡിക്കരേക്കാളും ഞ്ജാനശാസ്ത്രത്തിൽ പാണ്ഡിത്യം നിറഞ്ഞ കേശിധ്വജർ വളരെ കീർത്തിമാനായി. രാജധർമ്മം അനുസരിച്ച് കേശിധ്വജർ കാണ്ഡിക്കരോട് യുദ്ധം ചെയ്ത് ജയിച്ചു. കാണ്ഡിക്കർ കാട്ടിലേയ്ക്കോടി രക്ഷപ്പെട്ടു. കേശിദ്ധ്വജർ ശത്രു ഭയമില്ലാതെ യാഗം ചെയ്യാൻ തുടങ്ങി. യാഗത്തിനായി പാൽ നൽകികൊണ്ടിരുന്ന പശുവിനെ പാതി യാഗം നടക്കുമ്പോൾതന്നെ ഒരു പുലി അടിച്ചുകൊന്നു. ഇത് ശാസ്ത്രം അനുസരിച്ച് ദോഷമല്ലേ? അതിനു പരിഹാരം ചെയ്തതിനു ശേഷമെ യഞ്ജം തീർത്ത് അവഭൃദസ്നാനം ചെയ്യാൻ സാധിക്കൂ. കേശിധ്വജ രാജാവ് കസേരു എന്ന ബ്രാഹ്മണ ശ്രേഷ്ഠനോട് പരിഹാരം ആരാഞ്ഞു. അദ്ദേഹത്തിന് ശരിയായ പരിഹാരം നിർദ്ദേശിക്കാൻ കഴിഞ്ഞില്ല. അതിനെതുടർന്ന് ഭാർഗ്ഗവൻ, ശുനകൻ എന്നിവരോടും ചോദിച്ചു.

അസാധ്യമായ ഒരു കാര്യമാണ് ശുനകർ പറഞ്ഞത്. നീ വിചാരിച്ച കസേരു, ഭാർഗ്ഗവൻ, ശുനക്കർ ഇവരാരും തന്നെ ഇതിനു പ്രാപ്തരല്ല. നീ തോല്പിച്ച് കാട്ടിലേയ്ക്കോടി രക്ഷപ്പെട്ട നിന്റെ സഹോദരനും ശത്രുവുമായ ധർമ്മശാസ്ത്രത്തിൽ അതി നിപുണനായ കാണ്ഡിക്കരാലെ മാത്രമെ ഇതിനു ശരിയായ പരിഹാരം നിർദ്ദേശിക്കാൻ സാധിക്കൂ. അയാളെ സമീപിക്കാൻ നിനക്ക് മടിയുണ്ടെങ്കിൽ ഗോവിന്ദനാമജപം മാത്രമെ നിന്റെ രക്ഷക്കെത്തു.

പരമശത്രുവായിരുന്നാലും ധർമ്മത്തെ രക്ഷിക്കുന്നതിനുവേണ്ടി മടികൂടാതെ അറിവുള്ള ആളെ സമീപിച്ച് പ്രയത്നിക്കേണ്ടത് അത്യാവശ്യമാണ്. ഇത്രയും നാം പ്രയത്നിച്ചിട്ടും മനസ്സിലാക്കാതെ നമ്മെ ശത്രുവായിതന്നെ കാണുന്ന പാപം അദ്ദേഹത്തിനു തന്നെ ഭവിക്കും. ചോദിക്കേണ്ടത് നമ്മുടെ കടമയാണ് ശുനകർക്ക് നന്ദി പറഞ്ഞ് ആയാഗ വേഷത്തിൽത്തന്നെ കാണ്ഡയ്ക്കരെ തേടി തനിയെ തന്റെ ജീവനെപ്പോലും തുച്ഛമായി കരുതി കേശിധ്വജർ കാട്ടിലേക്ക് പുറപ്പെട്ടു. തിരുക്കുറളിൽ തിരുവള്ളുവർ പറഞ്ഞതുപോലെ ഉള്ളുയർന്ന മനോഭാവമാണ് നമുക്കിവിടെ കേശിധ്വജറിൽ ദർശിക്കാൻ സാധിക്കുന്നത്. പക്ഷേ കാണ്ഡിക്കർ തന്നെ കൊല്ലാനാണ് കേശിധ്വജർ വരുന്നത് എന്നു കരുതി വില്ലു കൈയ്യിലെടുത്തു. കേശിധ്വജർ പറഞ്ഞു ഞാൻ നിന്നെ കൊല്ലാൻ അല്ല വന്നത്. നിനക്കുമാത്രം അറിയുന്ന ധർമ്മശാസ്ത്രത്തെ അറിയുന്നതിനായാണ് വന്നത്. കാരണം യഞ്ജ പൂർത്തിക്ക് ആവശ്യമായ ഒരു കാര്യം ചോദിക്കാനാണ് ഞാൻ വന്നത്. യഞ്ജത്തെ പാതി ഉപേക്ഷിക്കുന്നതിനെക്കാളും എന്റെ ജീവൻ ഉപേക്ഷിക്കുന്നതിന് ഞാൻ തയാറാണ്. നീ സകലദ്വേഷ്യവും ഉപേക്ഷിച്ച് എന്നെ സഹായിക്കണം എന്ന് അപേക്ഷിച്ചു. ഇത് കേട്ട കാണ്ഡയ്ക്കർ സന്തോഷപൂർവ്വം ദ്വേഷ്യം മറന്ന് താനറിഞ്ഞ വിദ്യയെ നൽകാൻ തയാറായി. കാണ്ഡയ്ക്കരുടെ പുരോഹിതന്മാർക്ക് ഇത് ഇഷ്ടപ്പെട്ടില്ല. തനിച്ചുവന്ന കേശിധ്വജരെ ഈ സന്ദർഭം മുതലാക്കി യുദ്ധം ചെയ്ത് തോല്പിച്ച് കൈവിട്ട രാജ്യം തിരികെ പിടിക്കാൻ ഉപദേശിച്ചു.

ഇതിന് കാണ്ഡിക്കൽ മറുപടി പറഞ്ഞു ഇവനെക്കൊന്നാൽ എനിക്ക് ഇഹലോകം ലഭിക്കും. പക്ഷേ എന്നെ വിശ്വസിച്ച് ധർമ്മശാസ്ത്രം അറിയാൻ വന്ന് പ്രാണത്യാഗം ചെയ്താൽ ഇവന് പരലോകം അല്ലേ ലഭിക്കുക. എനിക്ക് പരലോകത്തുള്ള മാർഗ്ഗം എന്നന്നേക്കുമായി അടയും. താല്ക്കാലികമായി ഇഹലോകത്തിനുവേണ്ടി ശാശ്വതമായ പരലോകത്തെ ഉപേക്ഷിക്കാൻ ഞാൻ തയ്യാറല്ല എന്ന് പറഞ്ഞ് കേശിധ്വജർക്ക് പരിഹാരം പറഞ്ഞ് കൊടുത്തു. കേശിധ്വജർ കാണ്ഡിക്കരെ നമസ്ക്കരിച്ച് പ്രായശ്ചിത്ത പരിഹാരം ചെയ്ത യഞ്ജം പൂർത്തീകരിച്ചു. പക്ഷേ എത്ര ദാനധർമ്മം ചെയ്തിട്ടും രാജാവിന് മനസ്സിന് ഒരു തൃപ്തി ലഭിച്ചില്ല. അപ്പോഴാണ് പരിഹാരം ചെയ്ത് കാണ്ഡികർക്ക്



ഗുരുദക്ഷിണ കൊടുക്കാൻ മറന്ന കാര്യം ഓർമ്മ വന്നത്. ഉടൻതന്നെ ആ രാജവേഷത്തിൽ കാട്ടിലേയ്ക്ക് അദ്ദേഹം പുറപ്പെട്ടു. പക്ഷേ കാണ്ഡിയ്ക്കർ ഇപ്രാവശ്യവും പഴയതുപോലെ സംശയിച്ചു. നീ എന്നെ സംശയിക്കരുതെന്നും നീ എന്തു ചോദിച്ചാലും ഗുരുദക്ഷിണയായി തരാൻതയ്യാറായിട്ടാണ് ഞാൻ വന്നിരിക്കുന്നതെന്നും പറഞ്ഞു. പുരോഹിതന്മാർ രണ്ടുപേരുടെയും രാജ്യത്തെയും ഗുരുദക്ഷിണയായി ചോദിക്കാൻ പറ്റിയ സന്ദർഭമാണിതെന്നും ഉപദേശിച്ചു.

ക്ഷത്രിയന്റെ സ്വധർമ്മം  രാജ്യത്തെ ഭരിക്കുക എന്നുള്ളതാണ്   . എന്ന തത്വം കാണ്ഡിയ്ക്കർ പുരോഹിതന്മാരോട് പറഞ്ഞു. പക്ഷേ അതിൽ എനിക്കൊട്ടും സാമർത്ഥ്യമില്ലാത്തതിനാൽ ഞാൻ തോറ്റു കാട്ടിലേക്ക് മടങ്ങി. ഭിക്ഷയായി രാജ്യത്തെ വാങ്ങി ശത്രുക്കളെ ജയിച്ച് പ്രജകളെ സംരക്ഷിക്കാൻ കഴിവില്ലാത്ത ഞാൻ രാജ്യത്തെ ഉപേക്ഷിക്കുന്നതാണ് നല്ലത്. ആത്മവിദ്യയിൽ നിപുണനായ കേശിധ്വജർ എന്തും നൽകാം എന്നു പറഞ്ഞതിനു ശേഷവും ഞാൻ അറിവ് ദാനം ചെയ്യാതിരുന്നാൽ എന്നെപ്പോലെ ഒരു മൂഢൻ ആരും ഉണ്ടാവില്ല. തന്റെ ജീവനെപ്പോലും തുച്ഛമായിക്കരുതി ധർമ്മം ചോദിക്കാനും ഗുരുദക്ഷിണ തരാനും വന്നത് ഇവന്റെ ശാസ്ത്രഞ്ജാനം മൂലമാണല്ലോ. ഇവന്റെ അദ്വൈതശാസ്ത്രഅറിവാണ് മികച്ച രാജ്യാധിപതിയായി രാജ്യം ഭരിക്കാൻ ഇവനെ പ്രാപ്തനാക്കിയത്. അതിനാൽ കേശിധ്വജരോട് എനിക്കുവേണ്ട ഗുരുദക്ഷിണ അധ്യാത്മവിദ്യോപദേശമാണ് എന്ന് വിനായിന്വിതിനായി തറപ്പിച്ചു പറഞ്ഞു. ഇതിനു മറുപടിയായി നല്ലതുപോലെ ആലോചിച്ചു ചോദിക്കൂ എന്നും രാജ്യം മുഴുവനും ചോദിച്ചാലും തരാൻ ഞാൻ തയ്യാറാണ് എന്നും കേശിധ്വജർ പറഞ്ഞു. ആവശ്യമില്ല ഞാൻ ചോദിച്ചത് മാത്രം എനിക്ക് ഗുരുദക്ഷിണയായി തന്നാൽ മതി എന്ന് മറുപടി പറഞ്ഞു. കേശിധ്വജർ അദ്വൈത ശാസ്ത്രത്തെ കാൺഡിയ്ക്കർക്ക് ഉപദേശം കൊടുത്തു. അത് കാണ്ഡിയ്ക്കർക്ക് നല്ലതുപോലെ ഗ്രഹിച്ചു. കേശിധ്വജർ വീണ്ടും ചോദിച്ചു ഇനി എന്തെങ്കിലും ഞാൻ ചെയ്യേണ്ടതുണ്ടോ? എന്റെ ശ്രേയസ്സിനുവേണ്ടി എന്തൊക്കെ നിനക്ക് ചെയ്യാൻ പറ്റുമോ അതെല്ലാം നീ ചെയ്തുകഴിഞ്ഞു. അതുകൊണ്ട് എനിക്ക് വളരെ വളരെ സന്തോഷമായി. നീ നിന്റെ രാജ്യത്ത് തിരിച്ചുപോയി നല്ല രാജാവായി ഭരിക്കൂ എന്ന് പറഞ്ഞു.

സത്യസന്ധമായ ധർമ്മത്തിന്റെ
നിലനിൽപ്പിനുവേണ്ടി കേശിധ്വജരും
കാണ്ഡിക്കരും എങ്ങനെയാണോനില
നിന്നത് അതുപോലെ  മോക്ഷപ്രാപ്തി തരുന്ന
സംഗീതാമൃതത്തെ പാനം ചെയ്യാനും ചെയ്യിപ്പിക്കാനും
ഗുരുശിഷ്യന്മാർ ധർമ്മ മാർഗ്ഗത്തെ മുറുകെ പിടിക്കേണ്ടതാണ്.


# വഞ്ചിനാട് ഭവനനിർമ്മാണ സഹകരണസംഘം

ക്ലിപ്തം നമ്പർ റ്റി. 1088, ശ്രീകണ്ഠേശ്വരം, ഫോർട്ട് പി.ഒ.,
തിരുവനന്തപുരം - 23, ഫോൺ : 2473388, 6577166

**വിവിധ വായ്പാ പദ്ധതികൾ**

1. ഭവനനിർമ്മാണ വായ്പ
2. ചെറുകിട കച്ചവട വായ്പ
3. പിഗ്മി കളക്ഷൻ വായ്പ
4. കൺസ്യൂമർ വായ്പ
5. സ്ഥിരനിക്ഷേപവായ്പ
6. പ്രതിമാസ നിക്ഷേപവായ്പ

**വിവിധ നിക്ഷേപപദ്ധതികൾ**

1. മംഗല്യസഹായനിധി
2. വിദ്യാനിധി
3. ആജീവനാന്തവരുമാന പദ്ധതി
4. റിക്കറിംഗ് നിക്ഷേപം
5. സ്ഥിരനിക്ഷേപ വായ്പ
6. സേവിംഗ്സ് നിക്ഷേപം
7. പിഗ്മി കളക്ഷൻ നിക്ഷേപം
8. എം.ഡി.എസ്.

**സ്ഥിരനിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ**

**സഹകരണത്തിലൂടെ അഭിവൃദ്ധി സേവനമാണ് നമ്മുടെ ലക്ഷ്യം**

കാലടി വിജയകുമാർ
പ്രസിഡന്റ്

എസ്. സന്ധ്യാകുമാരി
സെക്രട്ടറി